## വിജയശ്രീ

# ഹരിത അയൽക്കൂട്ടം ക്യാംപെയ്നിന്റെ ഭാഗമാകാം

ഓരോ സിഡിഎസ് പ്രദേശത്തു നിന്നും പത്ത് അയൽക്കൂട്ടങ്ങളെ വീതം ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ക്യാംപെയിനാണ് ഹരിത അയൽക്കൂട്ടം ക്യാംപെയിൻ. സംസ്ഥാനത്ത് 10650 അയൽക്കൂട്ടങ്ങളെ മാതൃകാ ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റുന്നതിന് ഈ ക്യാമ്പെയ്ൻ വഴി കഴിയും. അയൽക്കൂട്ട പ്രദേശത്ത് ഹരിത ചട്ടം പാലിക്കുക, ഉത്തമ കാർഷികരീതികൾ അവലംബിക്കുക, മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുക, പകർച്ച വ്യാധികളെ സംബന്ധിച്ച് അറിവുണ്ടായിരിക്കുക, പ്രദേശത്തുള്ള പ്രകൃതിവിഭവങ്ങൾ പരിരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന അയൽക്കൂട്ടങ്ങളെയാണ് ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കുക. ഉയർന്ന ജനസംഖ്യയും ഉയർന്ന ജനസാന്ദ്രതയും കേരളം നേരിടുന്ന പ്രധാന പ്രശ്നമാണ്. തൽഫലമായി പ്രകൃതി വിഭവങ്ങൾ കുറഞ്ഞുവരുന്നു, പരിസ്ഥിതി നാശവുമുണ്ടാകുന്നു. ഇതിനെല്ലാം പരിഹാരം കാണുന്നതിനു പ്രകൃതി സംരക്ഷണം അനിവാര്യമാണ്. ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, കില എന്നീ ഏജൻസികളുടെ സാങ്കേതിക, സാമ്പത്തിക സഹായത്തോടു കൂടിയാണ് ഹരിത അയൽക്കൂട്ടം ക്യാംപെയിൻ സംഘടിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം ആരോഗ്യ ജാഗ്രതാ ക്യാംപെയിനിന്റെ ഭാഗമായി ഹരിത അയൽക്കൂട്ടത്തെക്കുറിച്ചു ചർച്ചകൾ നടത്തിയിരുന്നു. 3967 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായി കണ്ടെത്തുകയും ചെയ്തിരുന്നു. അയൽക്കൂട്ട അംഗങ്ങളെല്ലാം ക്യാംപെയിനിൽ സജീവമായി പങ്കെടുക്കുമെന്നു പ്രതീക്ഷിക്കുന്നു.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ



# സുരക്ഷിത താമസവും ഭക്ഷണവും ഇത് ഷീ ഹോംസ്!

ജോലി ചെയ്യാനും പഠിക്കാനുമായി സ്വന്തം നാടുവിട്ട് മറ്റൊരു നാട്ടിലേക്കു പോകേണ്ടി വരുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രധാന ആശങ്കയാണ് സുരക്ഷിതമായ താമസവും ഭക്ഷണവും. എന്നാൽ കോഴിക്കോട് നഗരത്തിലെത്തുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും ഈ ഒരു ആശങ്കയ്ക്ക് ഇടം നൽകാതെ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ 'ഷീ ഹോംസ്' എന്ന സംരംഭം വേറിട്ടൊരു വിജയ മാതൃകയാണ്. കോഴിക്കോട് കോർപറേഷൻ നോർത്ത് സിഡിഎസിനു കീഴിൽ എരഞ്ഞിക്കൽ എഡിഎസിലുള്ള വിവിധ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളായ സ്മിജി നന്ദൻ, സ്മിനി ബാബു, നളിനി പ്രഭാകുമാർ എന്നിവർ ചേർന്ന് 2017 ൽ കുടുംബശ്രീയിൽ റജിസ്റ്റർ ചെയ്ത ഷീ വേൾഡ് എന്ന സൂക്ഷ്മ സംരംഭ യൂണിറ്റാണ് ഷീഹോംസുകളെന്ന പേരിലുള്ള ഹോസ്റ്റലുകളുടെ നടത്തിപ്പുകാർ. മാവൂർ റോഡിലും നിംസ് ഹോസ്പിറ്റലിനു സമീപം ഗോവിന്ദപുരം റോഡിലും ബേബി മെമ്മോറിയൽ ഹോസ്പിറ്റലിന് സമീപവുമായി മൂന്ന് ഷീ ഹോംസുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 250 പേരോളം ഈ മൂന്നു ഹോസ്റ്റലുകളിലുമായി താമസിക്കുന്നു.

മാവൂർ റോഡിൽ പറയഞ്ചേരിയിൽ വിഎംഎച്ച് ക്ലിനിക്കിനു സമീപമുള്ള കെട്ടിടത്തിൽ 2017 ഫെബ്രുവരി മാസത്തിലാണു ഷീ ഹോംസിന്റെ ആദ്യ ശാഖ പ്രവർത്തിച്ചു തുടങ്ങുന്നത്. പിന്നീട് ഘട്ടം ഘട്ടമായി വളർന്ന് രണ്ടു ഹോസ്റ്റലുകൾ കൂടി ആരംഭിക്കുകയായിരുന്നു. അഞ്ചു ലക്ഷം രൂപ വായ്പ എടുത്താണ് ഹോസ്റ്റലിനു തുടക്കമിടുന്നത്. കുടുംബശ്രീയിൽനിന്ന് ഇന്നൊവേഷൻ ഫണ്ട് ഇനത്തിൽ 1,05,000 രൂപയും ലഭിച്ചു.

സിംഗിൾ റൂം മുതൽ ആറു പേർ ഉൾപ്പെടുന്ന മുറികളിൽ വരെ താമസമുണ്ട്. 3500 മുതൽ 8000 രൂപവരെയാണു വാടക. വീടുകളിലൊരുക്കുന്ന രുചിയുള്ള ഭക്ഷണം, സെക്യൂരിറ്റി, ലോൺട്രി സർവീസ്, സൗജന്യ വൈഫൈ തുടങ്ങിയ സൗകര്യങ്ങളും ഷീ ഹോംസുകളിലുണ്ട്. ഇതു കൂടാതെ വായനാശീലം വർധിപ്പിക്കുന്നതിനു ഷീ ലൈബ്രറിയും ഷീ സ്റ്റൈൽ എന്ന പേരിൽ ഡിസൈനിങ് സെന്ററും മാവൂർ റോഡ് ഹോസ്റ്റലിലുണ്ട്.



കുടുംബശ്രീ അംഗങ്ങളായ പത്ത് സ്ത്രീകൾ ഈ മൂന്ന് ഹോസ്റ്റലുകളിലായി ജോലി ചെയ്യുന്നു. മലപ്പുറം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരാണിവർ. 12,000 രൂപ മുതൽ 15,000 രൂപ വരെയാണ് ഇവർക്കു മാസം ശമ്പളമായി നൽകുന്നത്. മാസം നാലു ലക്ഷത്തോളം രൂപയാണ് ഹോസ്റ്റൽ നടത്തിപ്പിനുള്ള ചെലവ്. അതും കഴിഞ്ഞ് യൂണിറ്റംഗങ്ങളായ മൂന്നു പേർക്കും 35,000 രൂപ വരുമാനമായും ലഭിക്കുന്നു.

## കുടുംബശ്രീ ഇൻഫോ

### ബ്രോയിലർ കർഷകർക്ക് കുടുംബശ്രീ പ്രൊഡ്യൂസർ കമ്പനിയിൽ അംഗമാകാം

നിലവിൽ ബ്രോയിലർ കോഴി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയിൽ അംഗമാകാം. 2019 സെപ്റ്റംബർ മാസം മുതൽ കുറഞ്ഞ നിരക്കിൽ കോഴിത്തീറ്റ, മരുന്നുകൾ, കോഴിക്കുഞ്ഞുങ്ങൾ, ഫാമുകൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ ഇൻഷുറൻസ് പരിരക്ഷ (ജനനി) തുടങ്ങിയ അനവധി സേവനങ്ങൾ കമ്പനിയിലൂടെ ലഭ്യമാകും. കമ്പനിയിൽ അംഗമാകാൻ താൽപര്യമുള്ളവർക്കു തൊട്ടടുത്തുള്ള സിഡി എസിൽ ബന്ധപ്പെടാം. നൂറു രൂപയാണ് വാർഷിക അംഗത്വ ഫീസ്.

# പഠിക്കാം സ്പാ തെറപ്പി

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കു പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പു നൽകുന്നു. കുടുംബശ്രീയുമായി കരാറിലെ ത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 15 വയസ്സു മുതൽ 35 വയസ്സു വരെ പ്രായമുള്ള യുവജനങ്ങൾക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. ബ്യൂട്ടി ആൻഡ് വെൽനെസ് എന്ന മേഖലയ്ക്കു കീഴിലും നൈപുണ്യ പരിശീലനം നേടാനുള്ള അവസരം പദ്ധതി വഴി നൽകുന്നു. ഇന്റഗ്രേറ്റഡ് കോഴ്സ് ഇൻ ഹെയർ, സ്കിൻ ആൻഡ് മേക്കപ്പ്, ആയുർവേദ സ്പാ തെറാപ്പിസ്റ്റ് തുടങ്ങിയ കോഴ്സുകളിലാണു പരിശീലനം നൽകുന്നത്. പദ്ധതി പ്രകാരം പുതുതായി പരിശീലനം നൽകി തുടങ്ങിയ തൊഴിൽ മേഖലയാണിത്. 8000 രൂപയാണു ശരാശരി ശമ്പളം. കൂടുതൽ വിവരങ്ങൾക്കു താഴെ പറയുന്ന കോൾ സെന്റർ നമ്പരിൽ വിളിക്കാം- 0484 2959595